




# <u>ആദിവാസി സ്ത്രീയെ സഹതൊഴിലാളി കൊലപ്പെടുത്തി</u>

ചെമ്മണാംപതി പുളിയങ്കണ്ടിയിൽ തോട്ടം തൊഴിലാളിയായ ആദിവാസി സ്ത്രീയെ സഹതൊഴിലാളി തലയ്ക്കടിച്ചു കൊലപ്പെടുത്തി കുഴിച്ചു മൂടിയതായി പരാതി. അളകാപുരി കോളനിയിൽ പരേതനായ ശിങ്കാരത്തിൻെറ ഭാര്യ കവിത(48) ആണ കൊല്ലപ്പെട്ടത്. സംഭവവുമായി ബന്ധപ്പെട്ടു ചുള്ളിയാർമേട്ടിൽ മണിയൻ(മണികണ്ഠൻ-34) അറസ്റ്റിലായി.



കഴിഞ്ഞ മൂന്നിന് ഉച്ചയ്ക്ക ഭക്ഷണം കഴിക്കുന്നതിനിടെ ഇവർ തമ്മിൽ വാക്തർക്കമുണ്ടായി. കവിത ഭീഷണിപ്പെടുത്തിയതിൽ പ്രകോപിതനായ മണിയൻ മരവടി കൊണ്ടു തലയ്ക്കടിച്ചു. അടികൊണ്ട് ഓടിയ കവിതയെ പിന്തുടർന്നു വീണ്ടും അടിച്ചതോടെ ബോധരഹിതയായി. സമീപത്തെ തോട്ടരുകിൽ ഇട്ടു. കവിതയുടെ ശരീരം ഇളകിയപ്പോൾ കൈക്കോട്ട് ഉപയോഗിച്ചു തലയ്ക്കടിച്ചു കൊലപ്പെടുത്തി കുഴിച്ചു മൂടുകയായിരുന്നു

കവിതയെ കാണാതായതോടെ ııന്റ മകൻ സുരേഷ് കൊല്ലങ്കോട് പൊലീസിൽ പരാതി നൽകി. പൊലീസ് സംഘം ആട്ടയാംപതിയിലെ മര മില്ലിൽ ജോലി അന്വേഷിച്ചെത്തിയ മണിയനെ കസ്റ്റഡിയിലെടുത്തു.

.........................................................................................................................................